# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 539 — 11.12.2012- ലെ മറുപടിക്ക്

<u>ചേർത്തല പള്ളിപ്പുറം റൂറൽ ഹൗസിംഗ് സൊസൈറ്റി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) ചേർത്തല പള്ളിപ്പുറം റൂറൽ ഹൗസിംഗ് സൊസൈറ്റി (ക്ലിപ്തം നമ്പർ എ.685) യിൽ നിന്നും ഭൂമി ഈടുവച്ച് ഭവന നിർമ്മാണ വായ്പയെടുത്തവർക്ക് തുകയും പലിശയും അടച്ച് വായ്പ ക്ലോസ് ചെയ്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ചേർത്തല കൊക്കോതമംഗലം വില്ലേജിൽ കൊച്ചുചിറയിൽ അജിമോൻ നൽകിയി രുന്ന അപേക്ഷയിന്മേൽ എന്തു തീർപ്പാണ ണ്ടായത് എന്നു വ്യക്തമാക്കാമോ; | എ) ഉണ്ട്. വായ്പ ക്ലോസ് ചെയ്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത 18 വ്യക്തികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. കെ. എസ്. അജിമോൻ ടി സംഘത്തിൽ നിന്നും 29.04.1995-ൽ 75,000/- രൂപ വായ്പ എടുത്തതിൽ പലിശയും പിഴപലിശയും അടക്കം ഇപ്പോൾ 5,03,215/- രൂപ അടയ്ക്കുവാൻ ബാക്കി നിൽപുണ്ട്. ടിയാൻ ഇപ്പോഴും യാതൊരു തുകയും അടച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സംഘം ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)2372/2012 നമ്പരായി കേസ് ഫയൽ ചെയ്തിരിക്കുകയാണ്. |
| ബി) 14 വർഷമായി യാതൊരു പ്രവർത്തന വുമില്ലാതെ കിടക്കുന്ന ഈ സൊസൈറ്റി പ്രമാണം പണയപ്പെടുത്തി വായ്പയെടുത്ത വരിൽ നിന്നും പലിശയും പിഴപ്പലിശയും ഈടാക്കുന്നത് ന്യായമല്ലെന്ന് ബോധ്യപ്പെട്ട് ഇവിടെനിന്നും വായ്പയെടുത്തവരുടെ വായ്പ ക്ലോസ് ചെയ്യാനും പ്രമാണങ്ങൾ തിരിച്ചു നൽകാനും ഉചിതമായ നടപടി കൈക്കൊള്ളുമോ? | ബി) പ്രമാണങ്ങൾ തിരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ